## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 230 06/11/2019 -ന് മറുപടിക്ക്

## ശാസ്ത്രീയ ജല മാനേജ്മെന്റ് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. ഷാഫി പറമ്പിൽ | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കനത്ത മഴ മാറി ഏറെക്കഴിയു ന്നതിന് മുമ്പുതന്നെ സംസ്ഥാനം ജല ക്ഷാമത്തിലേക്ക് പോകുന്ന അവസ്ഥ ഉണ്ടാകുന്നുണ്ടോ; | (എ) ഈ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് പരിഹരിക്കുന്നതിന് ജല വിഭവ വകുപ്പ് എന്തൊക്കെ ശാസ്ത്രീയ ജല മാനേജ്മെന്റ് നടപടികളാണ് സ്വീകരി ക്കുന്നത്; വ്യക്തമാക്കുമോ; | (ബി) ഇതു പരിഹരിക്കുന്നതിന് ജലസംരക്ഷണ പ്രവർത്തനങ്ങളായ കിണർ റീചാർജ്ജ് , മേൽക്കൂര മഴവെള്ള സംരക്ഷണം (Roof Water Harvesting ) , ചെറുകിട തടയണ കൾ , നീർക്കുഴികൾ, ഭൂമിയുടെ അടിയി ലുള്ള തടയണകൾ VCB (Vented Cross Bar) എന്നിവ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കുന്നുണ്ട്. കൂടാതെ KRWSA യുടെ ഭാഗമായ മഴകേന്ദ്രം മുഖേന പുരപ്പുറ മഴവെള്ള സംഭരണവും ഭൂജല സംരക്ഷണവും നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുടിവെള്ള ക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തുകളെ മുൻഗണനാ അടിസ്ഥാനത്തിൽ തെരെ ഞ്ഞെടുക്കുകയും വ്യക്തിഗത കുടുംബ ങ്ങൾക്ക് മഴവെള്ളം സംഭരിച്ച് ജലദൗർലഭ്യം നേരിടുന്ന അവസരങ്ങളിൽ ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗി ക്കുന്നതിന് സൗകര്യം ഒരുക്കിയും ഭൂജല പരിപോഷണത്തിലൂടെ കിണറുകളുടെ ഉറവ ദീർഘകാലം നിലനിർത്തി ജലക്ഷാമ ത്തിനു ഒരു പരിധി വരെ പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്. ഇവയ്ക്കു |

പുറമെ നദികളിൽ ചെറുതും വലുതുമായ ചെക്ക് ഡാമുകളും റെഗുലേറ്റർ കം ബ്രിഡ്ജുകളും നിർമ്മിച്ച് ജലസംഭരണത്തിനുള്ള സാധ്യതകളും പരിശോധിക്കുന്നുണ്ട്. കൂടാതെ ലഭ്യമായ ജലം നല്ല രീതിയിൽ ഉപയോഗപ്പെടുത്തുന്നതിന് വരുമാനരഹിത വെള്ളത്തിന്റെ അളവ് കുറയ്ക്കുന്നതിനും പഴയ CF പൈപ്പുകളും ഉപകരണങ്ങളും മാറ്റി ജലവിതരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.

(സി)ജലസംരക്ഷണത്തെപ്പറ്റിയും നിയന്ത്രിത ജല ഉപയോഗത്തെപ്പറ്റിയും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ജലവിഭവ വകുപ്പ് എന്തെങ്കിലും പ്രവർത്തനം നടത്തുന്നുണ്ടോ; വിശദമാക്കുമോ;

(സി) ജലസംരക്ഷണ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുന്നതിനും ജലത്തിന്റെ മിതമായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ജലസംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും, ചുവരെഴുത്തുകൾ, പോസ്റ്ററുകൾ എന്നിവ പ്രദർശിപ്പിക്കുകയും ചെയ്യാറുണ്ട്. ജലത്തിന്റെ സൂക്ഷ്മമായ വിനിയോഗം പ്രോത്സാഹിപ്പിക്കുവാനും ജലസാക്ഷരത ഉറപ്പു വരുത്തുവാനും വേണ്ടി ആവിഷ്കരിച്ച "ജലം ജീവാമൃതം" പദ്ധതിയുടെ ഭാഗമായി ജലവിനിയോഗ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ കൈപ്പുസ്തകം വിതരണം നടത്തിക്കഴിഞ്ഞു. ബോധവൽക്കരണത്തിന്റെ ഭാഗമായി നിർമ്മിക്കുന്ന ഹ്രസ്വ ചിത്രങ്ങൾ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറായി വരുന്നു. എല്ലാ പഞ്ചായത്തുകൾ വഴിയും വിതരണം ചെയ്യുവാനുള്ള ലഘുലേഖ തയ്യാറാക്കിയിട്ടുണ്ട്. പ്രചരണ പരിപാടിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ക്യാമ്പുകൾ നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇതു സംബന്ധിച്ച് അവബോധം ഉണ്ടാക്കുന്നതിനായി ജലനിധി മുഖേന റോഡ് ഷോകൾ, ശില്പശാലകൾ, കുട്ടികൾക്കിടയിൽ മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ചിരുന്നു. കൂടാതെ പഞ്ചായത്തുകളിൽ പ്രവർത്തി

ക്കുന്ന സ്കൂളുകളിൽ കുട്ടികളിൽ ശരിയായ ജല വിനിയോഗം സംബന്ധിച്ചും ജല ദുരുപയോഗം തടയുന്നതിനുള്ള, ബോധവൽക്കരണത്തിനായി സ്കൂൾ തലത്തിൽ ജലശ്രീ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. ഇതിനു പുറമെ ലോകജലദിനം, ലോക പരിസ്ഥിതി ദിനം എന്നീ ദിവസങ്ങളിൽ ഈ കാര്യങ്ങൾക്ക് ഊന്നൽ കൊടുത്തു കൊണ്ട് സെമിനാറുകൾ, പഞ്ചായത്തുതല പ്രവർത്തനങ്ങൾ എന്നിവ നടത്താറുണ്ട്.

ഡി) മഴവെള്ള സംഭരണം ഭൂജലപരിപോഷണ പരിപാടി എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഡി) കെ.ആർ.ഡബ്ല്യൂ.എസ്.എയുടെ ഭാഗമായി രൂപീകരിച്ചു പ്രവർത്തിക്കുന്ന 'മഴകേന്ദ്രം' മുഖേനയാണ് 'മഴവെള്ള സംഭരണം-ഭൂജല പരിപോഷണം പദ്ധതി' സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. മഴകേന്ദ്രം മുഖേന വ്യക്തിഗത കുടുംബങ്ങൾക്ക് പുരപ്പുറ മഴവെള്ള സംഭരണികളും കിണർ പരിപോഷണവും ചെയ്തു വരുന്നു. തെരെഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലും പുരപ്പുറ മഴവെള്ള പരിപോഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ മഴകേന്ദ്രം മുഖേന 34 പഞ്ചായത്തുകളിലായി 7100 വീടുകളിലും 840 സർക്കാർ വിദ്യാലയങ്ങളിലും (10000 ലിറ്റർ) മഴവെള്ള സംഭരണികൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. മേൽ പദ്ധതികൾ കൂടാതെ ജലനിധിയുടെ ഭാഗമായി 1899 ഭൂജല പരിപോഷണ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. മഴവെള്ള സംരക്ഷണത്തിന്റെ പ്രാധാന്യവും ആവശ്യകതയും ജനങ്ങളിലെത്തിക്കുവാൻ സഹായകരമായ IEC പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ, മാതൃക മഴവെള്ള സംഭരണ പ്രവർത്തനങ്ങൾ /നിർമ്മിതികൾ തുടങ്ങിയവയും നടത്തുന്നുണ്ട്.

കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന മലയോര,തീരദേശ ഗ്രാമ

പഞ്ചായത്തുകൾക്ക് മുൻഗണന നൽകി ക്കൊണ്ട് ഗ്രാമ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുകയും വ്യക്തിഗത കുടുംബ ങ്ങൾക്ക് മഴവെള്ളം സംഭരിക്കുന്നതി നും, ഭൂജല സംവർധനത്തിനും സഹാ യകരമായ 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണി നിർമ്മിച്ച് നൽകുന്നു. സംഭരിച്ചുവെച്ചിരിക്കുന്ന മഴവെള്ളം വേനൽ മാസങ്ങളിൽ ചിട്ടയോടെ ഉപയോഗിക്കു ന്നതിലൂടെ പ്രസ്തുത മാസങ്ങളിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമാകുന്നു. പങ്കാളിത്താധിഷ്ഠിത മാതൃകയിൽ നടപ്പിലാ ക്കുന്നത് മൂലം ഗുണഭോക്താക്കളുടെ ഉടമസ്ഥ താബോധം വർധിക്കുകയും ചെയ്യുന്നുണ്ട്.
പ്രസ്തുത പരിപാടിയുടെ ഭാഗമായി നടപ്പ സാമ്പത്തിക വർഷം 20.31 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.പ്രസ്തുത തുക ഉപയോ ഗിച്ച് 1000 കുടുംബങ്ങൾക്ക് മഴവെള്ള സംഭരണികളും, 8500 കുടുംബങ്ങളിലെ തുറന്ന കിണറുകളിലേയ്ക്ക് മഴവെള്ളം കടത്തി വിട്ട് റീചാർജ് ചെയ്യുന്ന പ്രവൃത്തിയും, തിരുവനന്തപുരം നഗരത്തിലെ സർക്കാർ സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണം, ഭൂജലസംവർധന പ്രവർത്തനങ്ങളും, രണ്ട് പട്ടികജാതി /പട്ടിക വർഗ കോളനികളിൽ കമ്മ്യൂണിറ്റി മാനേജ്ഡ് മഴവെള്ള സംഭരണികളുടെ നിർമ്മാണപ്രവർ ത്തനങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്. ഇവ നടപ്പിലാക്കുന്നതിന്റെ പ്രാരംഭനടപടികൾ പൂർത്തിയായിവരുന്നു.

ഈ സാമ്പത്തിക വർഷം തിരുവനന്തപുരം നഗരത്തിലെ കോട്ടൺഹിൽ സ്കൂൾ, എസ്.എം,വി സ്കൂൾ, മണക്കാട്ട് ഹൈസ്കൂൾ, ഗവ: ആയുർവേദ കോളേജ്, എന്നിവിടങ്ങളിൽ നിലവിലുള്ള മഴവെള്ള സംഭരണികളുടെ അറ്റകുറ്റ പണികൾ തീർ ക്കുന്നതിനും ഭൂജല പരിപോഷണം ഉറപ്പാക്കുന്നതിനും ഉള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നഗരത്തിൽ Fire & Rescue, ARP camp & SAP camp എന്നീ സ്ഥലങ്ങളിൽ മഴവെള്ള ശേഖരണവും ഭൂജല സംരക്ഷണവും നടത്തുന്നതിനുള്ള പദ്ധതി കൾ ആവിഷ്കരിച്ച് നടപ്പിലാക്കു ന്നതാണ്. ഈ സാമ്പത്തിക വർഷം

വ്യക്തിഗത കുടുംബങ്ങൾക്കുള്ള കിണറുകൾ ജല പരിപോഷണം നടത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**